പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 1854 4/10/2011 ൽ മറുപടിയ്ക്ക്

## വൃദ്ധജനങ്ങളെ സ്വന്തം വീടുകളിൽ നിന്ന് ബഹിഷ്ക്കരിക്കുന്ന പ്രവണത

ചോദ്യം ഉത്തരം

ശ്രീ. അബ്ദുസ്സമദ് സമദാനി : ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി )

| | |
|---|---|
| (എ) വൃദ്ധജനങ്ങളെ അവരുടെ സ്വന്തം വീടുകളിൽ നിന്ന് ബഹിഷ് ക്കരിക്കുന്ന പ്രവണത അവസാനിപ്പിക്കുന്നതിന് ആവശ്യമായ നിയമം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച് 2007 ൽ മെയിന്റനൻസ് ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ടും, 2009 ൽ കേരള മെയിന്റനൻസ് ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് റൂളും നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത ആക്ടും റൂളും വൃദ്ധജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നുണ്ട്. |
| (ബി) വൃദ്ധ സദനങ്ങളിലെ പ്രവേശനത്തിന് മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതിന് ആവശ്യമായ പഠനങ്ങൾ നടത്താൻ നടപടി സ്വീകരിക്കുമോ? | (ബി) സാമൂഹ്യക്ഷേമവകുപ്പിന്റെ വൃദ്ധമന്ദിരങ്ങളിൽ പ്രവേശനത്തിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടേയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച 2007 ൽ നിലവിൽ വന്നിട്ടുള്ള നിയമത്തിൽ വൃദ്ധ സദനത്തിൽ പ്രവേശനത്തിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. |

R. Vijayalakshmi

സെക്ഷൻ ഓഫീസർ